## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6193 07.11.2016-ൽ മറുപടിയ്ക്ക്

**പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. എം. ഉമ്മർ** **ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | പഞ്ചായത്ത് വകുപ്പിലെ ജില്ലാതല ഓഫീസുകളായ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് എന്നീ ഓഫീസുകളിൽ സീനിയർ സൂപ്രണ്ട് തസ്തിക ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സീനിയർ സൂപ്രണ്ട് തസ്തിക ഇല്ലാത്തത് പ്രസ്തുത ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഓഫീസുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി മുൻ സർക്കാർ അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്ന തസ്തികകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (സി) | അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും ക്ലെറിക്കൽ തസ്തികകളുമാണ്. |
| (ഡി) | ഇതു സംബന്ധിച്ച് ഉത്തരവ് ഇറങ്ങാത്തതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | ഇതു സബംന്ധിച്ച് 07.02.2014-ന് സ.ഉ.(സാധാ) നം.51/13/തസ്വഭവ നമ്പർ ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തെ 113 ഗ്രാമപഞ്ചായ-ത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്തത് എസ്.സി.പി, കുടുംബശ്രീ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ടി തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ